പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3194 19-06-2019-ന് മറുപടിയ്ക്ക്**

**കൊരട്ടിച്ചാലിന്റെ സംരക്ഷണ നവീകരണപ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച കൊരട്ടി- കാടുകുറ്റി പഞ്ചായത്തുകളിലായി കിടക്കുന്ന കൊരട്ടിച്ചാലിന്റെ സംരക്ഷണ നവീകരണപ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) & (ബി) | രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൊരട്ടിച്ചാൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം പൂർത്തികരിച്ചിട്ടുണ്ട്. നിലവിലുള്ള കൊരട്ടിച്ചാൽ മെയിൻ തോടിന്റെ 1.5 കിലോമീറ്റർ ദൂരം അടക്കം ആകെ 2.22 കിലോമീറ്റർ തോട് ബ്രാഞ്ച് കനാലുകൾ ഉൾപ്പെടെ ആഴവും, വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കിയിട്ടുണ്ട്. 10 മീറ്റർ വീതിയുള്ള ട്രാക്ടർ പാസ്സേജുകളോടുകൂടിയ ഒരു സ്ലൂയിസ്സ്, 5 പൈപ്പ് സ്ലൂയിസ്സ് എന്നിവയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി പൂർത്തിയാക്കിയത് എന്നും, ഇനി ഏതെല്ലാം പ്രവർത്തികൾ ഇതിന്റെ ഭാഗമായി പൂർത്തിയാക്കാനുണ്ട് എന്നും അറിയിക്കാമോ; | | |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (സി) | ഒന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് വീതം ട്രാക്ടർ പാസ്സേജ്, റാമ്പ് എന്നിവ സ്ഥലം ലഭ്യമല്ലാത്തതിനാൽ പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. |
| (ഡി) | അനുവദിച്ച പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനും കൊരട്ടിച്ചാലിന്റെ രണ്ടാംഘട്ട നവീകരണപ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | രണ്ടാംഘട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**